കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്-ഡ്യൂപ്ലിക്കേറ്റ് പ്രാൺ കാർഡ് ലഭ്യമാക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ. (സാധാ)നം.2621/2016/ധന. തിരുവനന്തപുരം, തീയതി 14.03.2016.

പരാമർശം : സർക്കുലർ നം.07/2014/ധന. തീയതി 06.02.2014.

ഉത്തരവ്

പരാമർശ സർക്കുലർ പ്രകാരം നാഷണൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പ്രാൺ കാർഡ് ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഓരോ കാർഡിനും 50/- രൂപ നിരക്കിൽ CRA യ്ക്ക് സർക്കാർ നൽകേണ്ടതായിട്ടുണ്ട്. എന്നാൽ പ്രാൺ കാർഡ് നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ലിക്കേറ്റ് കാർഡ് ലഭ്യമാക്കുന്നതു സംബന്ധിച്ച് ധാരാളം അപേക്ഷകൾ ലഭിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്യൂപ്ലിക്കേറ്റ് പ്രാൺ കാർഡ് അനുവദിക്കുന്നതിനായി കാർഡ് നഷ്ടപ്പെട്ട അപേക്ഷകർ 50/- രൂപ ഫീസ് 0070-60-800-42- മറ്റിനങ്ങൾ എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ചലാൻ വഴി ഒടുക്കി എഫ്.ഐ.ആർ.ന്റെ പകർപ്പ് സഹിതം STO/DTO യ്ക്ക് S2 Form ലുള്ള അപേക്ഷ

സമർപ്പിക്കേണ്ടതാണ്. അതിനു ശേഷം ഡ്യൂപ്ലിക്കേറ്റ് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി STO/DTO സ്വീകരിക്കേണ്ടതാണ്.

STO/DTO അസ്സൽ അപേക്ഷ ട്രഷറിയിൽ സൂക്ഷിച്ചതിന് ശേഷം ചലാൻ, S2 Form എന്നിവയുടെ scanned പകർപ്പും വിതരണം ചെയ്ത ഡ്യൂപ്ലിക്കേറ്റ് കാർഡിന്റെ വിവരങ്ങളും എല്ലാ മാസവും SNO-Kerala യ്ക്ക് അയയ്ക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബി. ശ്രീനിവാസ്
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ- എക്സ്പെൻഡിച്ചർ)

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
✓അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് നോഡൽ ഓഫീസർ, www.finance.kerala.gov.in.
ധനകാര്യ (എൻ.പി.എസ്) വകുപ്പ്.
ധനകാര്യ (ITSF) വകുപ്പ്.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ